LIBRARY ARCHIVES Kerala Legislative Assembly

മങ്കട 66 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ പുരോഗതി

71 (411) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മങ്കട 66 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ ;

(ബി) മങ്കട 66 കെ.വി. സബ്സ്റ്റേഷൻ എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മങ്കട സബ്സ്റ്റേഷനും ബന്ധപ്പെട്ട ലൈൻ നിർമ്മാണവും ഉൾപ്പെടെ ആകെ 62% ത്തോളം പണി പൂർത്തീകരിച്ചു.

(ബി) 31-1-2015 നുള്ളിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

മിഷൻ 676-ൽ ഉൾപ്പെടുത്തിയ ഊർജ്ജ പദ്ധതികൾ

72 (412) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികളിൽ ഊർജ്ജ വകുപ്പ് മന്ത്രിയുടെ ഭരണ ചുമതലയിലുള്ള ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാ ഇതിനകം ആരംഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(സി) ഓരോ പദ്ധതിക്കും എത്രയുക നീക്കിവച്ചെന്നും ഇതിനകം എത്ര യുക ചിലവഴിച്ചെന്നും വിശദമാക്കാമോ ?

ഉത്തരം

(എ&ബി) മിഷൻ 676-ൽ ഉൾപ്പെടുത്തിയ ഊർജ്ജ വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(സി)

RAPDRP

RAPDRP Part B പദ്ധതിയിൻകീഴിൽ 1078.30 കോടി രൂപ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്കാണ് കേന്ദ്ര സർക്കാർ അനുമതി നൽകിയത്. ഇതിൽ നാളിതുവരെ 283.4 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കി.

RGGVY

RGGVY പദ്ധതിയിൽ ഉൾപ്പെടുത്തി ഇടുക്കി ഒഴികെയുള്ള കേരളത്തിലെ 13 ജില്ലകളിലായി 203 കോടി രൂപയുടെ പ്രവൃത്തികൾക്കാണ് കേന്ദ്രാനുമതി ലഭിച്ചത്. ഇതിൽ നാളിതുവരെ 129 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കി.

മിഷൻ 676-ൽ ഉൾപ്പെടുത്തിയ ജലവൈദ്യുത പദ്ധതികൾക്ക് നടപ്പു സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 152 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനകം 77.3 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

സമ്പൂർണ്ണ വൈദ്യുതിവത്ക്കരണം- മിഷൻ 676

73(413) ശ്രീ. കെ. അച്ചുതൻ :

ശ്രീ. എ. റ്റി. ജോർജ്ജ് :

ശ്രീ. വി. ഡി. സതീശൻ:

ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സമ്പൂർണ്ണ വൈദ്യുതവത്ക്കരിക്കുവാൻ മിഷൻ 676 -ൽ ഏതെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ ;

(ബി) എത്ര പുതിയ സർവ്വീസ് വൈദ്യുതി കണക്ഷനുകളാണ് ഇതനുസരിച്ച് നൽകാൻ ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം കേന്ദ്ര പദ്ധതികളനുസരിച്ചാണ് ഈ ലക്ഷ്യം കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly